


സ്വരലയമായ്...

# ശംഖൊലി

## 2023 - 24



വി.ജി.എസ്.എസ്
എ.എച്ച്.എസ്.എസ്,
നെടിയവിള


അതിരുകളില്ലാത്ത അറിവിന്റെ
വാതായനം തുറന്ന് മാറ്റത്തിൻ
ശംഖൊലി മുഴക്കി നാടിന്റെ
സൂര്യതേജസ്സായി എന്നെന്നും
ഈ മാതൃകാ വിദ്യാലയം...
VGSSAHSS,Nediyavila

# INDEX


*നമ്മുടെ വിദ്യാലയം– 4

*സ്റ്റാഫ് ഫോട്ടോ– 5

*ആശംസ(മാനേജർ)– 6

*ആശംസ(ഹെഡ്മിസ്ട്രസ്)– 7

*ആശംസ(പ്രിൻസിപ്പൽ)– 8

*ആശംസ(LK മിസ്ട്രസ്സസ്) – 9

*ആമുഖം(എഡിറ്റർ)– 10

*അഭിനന്ദനങ്ങൾ(ആദിത്യ സുരേഷ്)– 11

*സ്നേഹാദരവ്(മധു സാർ)– 12

*അഭിനന്ദനങ്ങൾ(രാഹുൽ സാർ)– 13

*മലയാളം വിഭാഗം – 15-18

*കഥ – 47,48

*ഇംഗ്ലീഷ് കോർണർ – 27-32,50

*ഹിന്ദി വിഭാഗ്– 37,38

*ക്ലബ്ബുകൾ – 19,22,34,46

*അംഗീകാരങ്ങൾ – 20,21,23,24,25,33,45

*ഡിജിറ്റൽ പെയിന്റിംഗ് – 35

*പ്രവർത്തനങ്ങൾ – 39,40

*സ്കൂൾ യൂണിറ്റുകൾ – 41-44

# നമ്മുടെ വിദ്യാലയം

1962 ജൂൺ നാലാം തീയതി അംബികോദയം സ്കൂളിന് തുടക്കമായി. . ബി. ബി. പണ്ടാരത്തിൽ എക്സ് എം എൽ. എ സ്ഥാപക മാനേജരായിരുന്ന ഈ വിദ്യാലയത്തിൽ പ്രധാന അദ്ധ്യാപകനായി തുടക്കം മുതൽ 30 വർഷം കുന്നത്തൂർ നിവാസിയും സമിതിയിലെ അംഗവുമായ ശ്രീ. കേശവരു ഭട്ടതിരി സേവനം അനുഷ്ഠിച്ചു. സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ പ്രഗത്ഭനായ ശ്രീ. ബി.ശങ്കരൻ പോറ്റി അവർകളാണ്. യു.പി, എച്ച്. എസ്സ്, വിഭാഗങ്ങളിലായി 1296 കുട്ടികളും 43 അദ്ധ്യാപകരും ഉണ്ട്.

കഴിഞ്ഞ 56 വർഷമായി വളർച്ചയുടെ പടവുകൾ ഓരോന്നായി ചവിട്ടിക്കയറി മികച്ച വിദ്യാലയങ്ങളിലൊന്നായിത്തീർന്നത് നിരവധി ആളുകളുടെ ത്യാഗത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ്. ആത്മാർത്ഥതയുള്ള അദ്ധ്യാപകർ, അനദ്ധ്യാപകർ, ഭരണനിപുണരായ പ്രഥമാദ്ധ്യാപകർ, കാര്യക്ഷമതയുള്ള മാനേജ്മെന്റ്, ശക്തമായ പി.റ്റി. എ, വിദ്യാർത്ഥികൾ, നല്ലവരായ നാട്ടുകാർ എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനമാണ് അംബികോദയത്തിന്റെ ഇന്നത്തെ നേട്ടത്തിനു കാരണം..



# School Staff





# ആശംസ



പ്രിയപ്പെട്ട കുട്ടികളെ,

ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിന്റെ ഒരു സുവനീർ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു.
കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയിൽ താൽപര്യം ജനിപ്പിക്കുന്നതിനും സാങ്കേതികവിദ്യ സമൂഹത്തിന് ഉപകാരപ്രദമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും സഹായിക്കുന്ന ഒരു മികച്ച സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്.
നമ്മുടെ സ്കൂളിലെ വളരെയധികം കുട്ടികൾക്ക് ഇതിലെ പ്രവർത്തന പരിചയം ഭാവിയിലേക്ക് ഒരു മുതൽക്കൂട്ടാവട്ടെ .
വരും വർഷങ്ങളിലും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ മികച്ചതായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആത്മാർത്ഥതയോടെ ,
മാനേജർ
വി .ശങ്കരൻ പോറ്റി

# ആശംസ



ശ്രേഷ്ഠമായ പാരമ്പര്യമുള്ള ഈ സരസ്വതി
ക്ഷേത്രത്തിൻ്റെ കരുത്ത് അർപ്പണബോധമുള്ള,
കർമനിരതരായ ഒരു കൂട്ടം അധ്യാപകരും, അനധ്യാപകരും
ഒപ്പം ഈ വിദ്യാലയത്തിൻ്റെ ഉന്നമനത്തിനായി
പ്രയത്നിക്കുന്ന മാനേജ്മെൻറും, ഊർജ്ജസ്വലരായ കുട്ടികളും
ആണ്.

മാനവികത, മൂല്യബോധം ,സാംസ്കാരിക തനിമ
എന്നിവ കാത്തു സൂക്ഷിക്കുന്നതിനോടൊപ്പം ആധുനിക
സാങ്കേതിക വിദ്യയിലും നമ്മുടെ വിദ്യാലയം
മുൻപന്തിയിലാണെന്ന് തെളിയിക്കുന്ന ലിറ്റിൽ
കൈറ്റ്സിൻ്റെ നേതൃത്വത്തിലുള്ള ഈ മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്
പ്രസിദ.ജി

# ആശംസ



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ്സ് റൂമുകളും ഐ.സി.ടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. എല്ലാ സ്കൂളുകളിലും ഹൈടക്ക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതിക വിദ്യ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി .ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും ,അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അദ്ധ്യാപകരോടൊപ്പം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുള്ള ഐ.ടി ക്ലബിന് കഴിഞ്ഞിട്ടുണ്ട് . ഇതോടൊപ്പം നമ്മുടെ സ്കൂളിലെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഈ ഡിജിറ്റൽ മാഗസിനും ലിറ്റൽകൈറ്റസ് യൂണിറ്റിന്റെ ശ്രമഫലമായിട്ടുള്ളതാണ് .ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ അദ്ധ്യാപകരെയും കുട്ടികളെയും ഞാൻ പ്രകീർത്തിക്കുന്നു. തുടർന്നും നല്ല രീതിയിൽ പ്രവർത്തിക്കുവാൻ ഈ ക്ലബിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.
എന്ന്

ലേഖ.എസ്
പ്രിൻസിപ്പാൾ

# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ
ആഭിമുഖ്യത്തിൽ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ ആണ് ശംഖൊലി.
കഴിഞ്ഞ കുറച്ചു ദിവസങ്ങളായി തങ്ങളുടെ
വിലയേറിയ സമയം ഇതിനു വേണ്ടി മാറ്റി
വച്ച് വളരെ ഉത്സാഹത്തോടെ
മനോഹരമായ ഈ ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കാൻ പ്രയത്നിച്ച എഡിറ്റോറിയൽ
ബോർഡ് അംഗങ്ങളായ കുട്ടികളെ
ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.
ഇനിയും ഇതുപോലുള്ള സർഗാത്മകമായ
പ്രവർത്തനങ്ങളിലൂടെ മറ്റ് കുട്ടികൾക്ക്
മാതൃകയാകാനും, നൂതനങ്ങളായ
സാങ്കേതിക വിദ്യകൾ അറിയാനും,
പഠിക്കാനും, അതുവഴി സ്വയം ഉയരാനും,
വളരാനും നിങ്ങൾക്ക് ഓരോരുത്തർക്കും
കഴിയട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവം
ഗീത ടീച്ചർ
ദിവ്യശ്രീ ടീച്ചർ
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)

പ്രിയപ്പെട്ട കൂട്ടുകാരെ,

മാനവ സംസ്കാരത്തിന് പുതിയ മാനങ്ങൾ നൽകുകയും മനുഷ്യരുടെ ജീവിതാവസ്ഥയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിൽ നിർണായകമായ പങ്കുവഹിക്കുകയും ചെയ്ത മേഖലയാണ് ഇൻഫർമേഷൻ ടെക്നോളജി (IT). ശാസ്ത്രത്തിന്റെ വളർച്ചയോടു കൂടി ലോകത്തിന്റെ ഗതിതന്നെ മാറ്റപ്പെടുന്നു. ശാസ്ത്രവും കടന്ന് വിവരസാങ്കേതികവിദ്യയിലേക്ക് നാം മാറിയിരിക്കുന്നു. ലോകത്തെവിടെച്ചെന്നാലും ഈ മാറ്റം കാണാൻ കഴിയും. ഇന്ന് ലോകം ടെക്നോളജിയുടെ കൈപ്പിടിയിലാണ്. ഐടിയുടെ ഏതാനും ചില സാധ്യതകളെ മുൻനിർത്തിക്കൊണ്ടാണ് ഞങ്ങൾ ഈ മാഗസിൻ നിർമ്മിച്ചിരിക്കുന്നത്.

നമ്മുടെ വിദ്യാലയത്തിലെ കൊച്ചുകൂട്ടുകാർ രചിച്ച വിവിധ രചനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കഥ, കവിത, ഉപന്യാസം, ചിത്രങ്ങൾ, കുറിപ്പുകൾ , ഇവയൊക്കെയുണ്ട്. അവർക്കൊക്കെ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. കൂടാതെ ഈ മാഗസിൻ തയാറാക്കുന്നതിൽ ഞങ്ങൾക്ക് മാർഗദർശികളായ അധ്യാപകർക്കും ആദരം അർപ്പിക്കുന്നു. അങ്ങനെ കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിൻ പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

കീർത്തന.എ.എൽ (എഡിറ്റർ)



വി.ജി.എസ്സ്.എസ്സ്.അംബികോദയം
ഹയർസെക്കന്ററി സ്കൂൾ നെടിയവിള
ഭാരത സർക്കാരിന്റെ
സർവ്വശ്രേഷ്ഠ ദിവ്യാംഗ് ബാൽ
പുരസ്കാർ ജേതാവ്
മാസ്റ്റർ ആദിത്യ സുരേഷിന്
അഭിനന്ദനങ്ങൾ
മാനേജ്മെന്റ്, സ്റ്റാഫ് & പി.ടി.എ



നമ്മുടെ സ്കൂളിൽ നിന്ന് ഈ വർഷം വിരമിക്കുന്ന
ഹിന്ദി അധ്യാപകൻ മധു സാറിന് ആദരവ്....

കറയറ്റ സ്നേഹം കൊണ്ട് മാർഗനിർദേശം നൽകി
ഞങ്ങളെ മുന്നോട്ട് നയിച്ച ,അറിവിൻ്റെ അക്ഷരവെളിച്ചം
പകർന്നു നൽകിയ മധു സാറിന് സ്നേഹാദരം....

# ആശംസ






ഫിസിക്കൽ എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ്
നേടിയ നമ്മുടെ സ്കൂളിലെ അദ്ധ്യാപകൻ
രാഹുൽ സാറിന് ലിറ്റിൽ കൈറ്റ്സ്
യൂണിറ്റിന്റെ അഭിനന്ദനങ്ങൾ ...

# മലയാളം
# വിഭാഗം

# ജാതി വിവേചനം



ശ്രീനാരായണ ഗുരു,അയ്യങ്കാളി,ചട്ടമ്പിസ്വാമികൾ, ചാവറയച്ചൻ, വൈകുണ്ഠ സ്വാമികൾ,വക്കംമൗലി തുടങ്ങിയ മഹത് വ്യക്തികൾ കേരളത്തിന്റെ നവോത്ഥാനത്തിൽ വലിയ സംഭാവന ചെയ്തവരാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് വിളിച്ചു പറഞ്ഞ ശ്രീനാരായണ ഗുരു ജാതിവിവേചനവും മതദ്വേഷവും ഇല്ലാത്ത സമൂഹമാണ് മുന്നിൽക്കണ്ടത്. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന് ആഹ്വാനം ചെയ്ത അദ്ദേഹം സുന്ദരമായ സമൂഹം സൃഷ്ടിക്കാനാണ് ശ്രമിച്ചത്.അയിത്തവും അനാചാരവും സമൂഹത്തിൽ നിന്ന് തുടച്ചു നീക്കാൻ തന്നാൽ കഴിയുന്നതൊക്കെയും അദ്ദേഹം ചെയ്തു.

. സമൂഹത്തിലെ താഴ്ന്ന വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ച മഹാനാണ് അയ്യങ്കാളി. എല്ലാവരും മനുഷ്യരാണെന്നും ജാതിയുടെയോ മതത്തിന്റെയോ നിറത്തിന്റെയോ മനുഷ്യരെ മാറ്റിനിർത്തുന്നത് ശരിയല്ല എന്നും അദ്ദേഹം വിളിച്ചു പറഞ്ഞു. 'മിശ്രഭോജനം' പോലെ പ്രവർത്തനങ്ങളിലൂടെ ജാതിമത ചിന്തകളിലൂടെ നിരർത്ഥകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലൂടെ അദ്ദേഹം ഒരു പുതു സമൂഹത്തെ വാർത്തെടുക്കാൻ ശ്രമിച്ചു. താഴെക്കിടയിൽ പെട്ടവരുടെ ജീവിതം അനാചാരങ്ങൾക്കിടയിൽ പെട്ട് ഞെരിഞ്ഞമരുന്നത് അദ്ദേഹം സഹിച്ചില്ല. അതുകൊണ്ടാണ് വെല്ലുവിളി നിറഞ്ഞ പ്രവർത്തനങ്ങളിലേക്ക് എടുത്തുചാടിയത്. അക്കാലത്ത് ഉന്നതജാതിക്കാർക്ക മാത്രം അനുവദിച്ചിരുന്ന വില്ലുവണ്ടിയിൽ അദ്ദേഹം യാത്ര ചെയ്തു. പ്രൗഢമായി വസ്ത്രം ധരിക്കുകയും തലപ്പാവ് ധരിക്കുകയും ചെയ്തു . താഴ്ന്ന വിഭാഗത്തിൽപെട്ടവരുടെ നീതി നിഷേധങ്ങളെ അദ്ദേഹം എതിർത്തു. ജാതിയുടെ അടയാളമായ കല്ലുമാല അറുത്തെറിയാൻ അദ്ദേഹം താണജാതിക്കാരോട് ആഹ്വാനം ചെയ്തു. പണ്ഡിതനായ ചട്ടമ്പിസ്വാമികളും നവോത്ഥാനത്തിൽ പ്രമുഖ പങ്കുവഹിച്ച വ്യക്തികളാണ്.സ്ത്രീ പുരുഷ സമത്വത്തിന് വേണ്ടി അദ്ദേഹം പരിശ്രമിച്ചു.ഒരു കാലത്ത നിലനിന്നിരുന്ന ജാതിമതവിവേചനങ്ങളെ ചോദ്യം ചെയ്തു. ഈ നവോത്ഥാന നായകരുടെ പരിശ്രമത്തിലൂടെയാണ് ഇന്നും നമ്മളിൽ പലർക്കും സമൂഹത്തിൽ തലയുയർത്തി നടക്കാൻ കഴിയുന്നത്. എങ്കിലും ഇപ്പോഴും നമ്മുടെ സമൂഹത്തിൽ ജാതിവിവേചനം നിലനിൽക്കുന്നുണ്ട്.ജാതിയുടെയും വർണ്ണത്തിന്റെയും അളക്കാതെ ഒത്തൊരുമയും സാഹോദര്യവും ആണ് നമ്മുടെ സമൂഹത്തിന് ആവശ്യം.

Archa.r

6 A

## ശാസ്ത്രവും അന്ധവിശ്വാസവും

നമ്മുടെ സമൂഹത്തിൽ ഇന്ന് ഒരായിരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും ഈ കാലഘട്ടത്തിലും നമ്മുടെ കേരളം ഇപ്പോഴും അന്ധവിശ്വാസത്തിന്റെ പിടിയിലാണ്.നൂറ് ശതമാനം സാക്ഷരത ഉണ്ടെന്ന് പറഞ്ഞാൽ കൂടിയും അത് ഇതുവരെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമായിട്ടില്ല . മറ്റുള്ളവരെ ചതിച്ച് ലാഭം നേടണം എന്നാഗ്രഹവുമായി ഒരുപാട് ആളുകൾ ഇന്നീ സമൂഹത്തിലുണ്ട്.ഈ പ്രബുദ്ധ കേരളത്തിൽ ഇന്ന് ഇത്രയേറെ അനാചാരങ്ങൾ നിലനിൽക്കുന്നു എന്നുള്ളത് തന്നെ അവിശ്വസനീയമാണ് .പണത്തിന് വേണ്ടിയും ജീവിതത്തിന്റെ അഭിവൃദ്ധിയ്ക്കായും അന്ധവിശ്വാസങ്ങൾ മറ്റുള്ളവരുടെ ഉള്ളിൽ കുത്തിനിറയ്ക്കുന്ന .കുട്ടികളെ വരെ ഇതിൽ ഉൾപ്പെടുത്തുന്നു എന്നത് ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന വസ്തുതയാണ്.

ലോകത്തിന്റെ പല ഭാഗങ്ങളിലും അന്ധവിശ്വാസം കാട്ടുതീയുടെ വേഗതയിൽ പടരുകയാണ്. ഇന്നീ കൊച്ചു കേരളത്തിലും ഇതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. ഏറ്റവും അടുത്തു നടന്ന 'നരബലി'യാണ് ഇതിന് ഉദാഹരണം, പണം നേടുവാൻ ഏത് മാർഗ്ഗവും തിരഞ്ഞെടുക്കുന്ന മനുഷ്യനെക്കുറിച്ച് പ്രതിപാദിക്കുന്ന കുഞ്ചൻനമ്പ്യാരുടെ 'ധ്രുവചരിതം' ഇന്നത്തെ കാലത്തെ മനുഷ്യനെ കുറിച്ചുള്ള ദീർഘവീക്ഷണം ആണ് . പണം നേടാൻ നർത്തകനാകാനും,മന്ത്രവാദി ആകാനും മനുഷ്യർ മടിക്കില്ല എന്ന് അദ്ദേഹം എഴുതിയിരുന്നു . മറ്റുള്ളവരെ നശിപ്പിക്കണം എന്ന ലക്ഷ്യവുമായി ഇറങ്ങി തിരിക്കുന്ന മനുഷ്യൻ അറിയുന്നില്ലല്ലോ അന്ധവിശ്വാസത്തിന്റെ പിടിയിൽ അവരെ ആക്കുന്നത് അവർ തന്നെയാണെന്ന് ....

മാന്ത്രികം എന്നത് അന്ധവിശ്വാസത്തിന്റെ മുഖമുദ്രയാണ് .ചതിയും, വഞ്ചിയും നാം നേടുന്നവയെല്ലാം ക്ഷണികമാണ് .

'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ,
മാറ്റുമതുകളീ നിങ്ങളെത്താൻ '

എന്ന് കുമാരനാശാൻ പറയുന്നതിലൂടെ സ്വയം മാറിയില്ലെങ്കിൽ നമ്മെ മാറ്റുവാൻ ജീവിതം തന്നെ ശ്രമിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അന്ധവിശ്വാസം എന്ന അനാചാരം അങ്ങനെ നമുക്ക് ഇല്ലാതാക്കാൻ ശ്രമിക്കാം.

Aaron Saji
IX F



# ഉയരെ

പ്രതിസന്ധിയുടെ മറുകര തേടലിലാണ് സൗഹൃദങ്ങളുടെ
അകപ്പുറങ്ങളറിയുക....
ആത്മശക്തിയുടെ വാതായനങ്ങൾ
മലർക്കെ തുറക്കവേയാണ് അശാന്തി തീരങ്ങളെ
വകഞ്ഞു മാറ്റാനാവുക......
പറഞ്ഞു തീരാത്ത മഹാ പ്രതിസന്ധികളിൽപ്പെട്ട്
മാനവരെല്ലാം ജീവസംത്രാസ
ത്തിലാണ്.....
കൊഴിഞ്ഞ കിനാക്കളൊക്കെയും
മനതാരിൽ മിന്നി മറഞ്ഞൊരനുഭൂതികളായിടാം......
ഇന്നലെയുടെ തെളിവാർന്ന; മിഴിവാർന്നൊ-
രോർമ്മകളെ തിരികെ വിളിച്ചിടാം....
ഓർമ്മ തൻ തെളിനീർക്കയങ്ങളിൽ
ആവോളം നീർക്കുഴിയിടാം.........
നോവിൻ അലയൊലികളെ
അവിശ്രാന്തം വകഞ്ഞുമാറ്റിടാം......
സമ്മോഹനത്തിൻ ധന്യതയെ ആവോളം
മനതാരിലാവാഹിക്കാം...
ഉയരെ.......
വീണ്ടുമുയരെ.......

ഗിരിജ ടീച്ചർ (മലയാളം അധ്യാപിക)

# നിശാപുഷ്പം

നിലാവൊളിയിൽ മിന്നിത്തിളങ്ങുന്ന കായൽക്കരയിൽ
വെള്ളപട്ടുടുത്തു ഞാൻ മാത്രം തനിയെ ഇരിപ്പൂ
തിളങ്ങുന്ന ചന്ദ്രനും , നക്ഷത്രങ്ങളും
എന്നെയണിയിച്ചൊരുക്കാൻ മത്സരിക്കും
ഒറ്റപ്പെടലിന്റെ ദുഃഖത്തിലാണ് ഞാൻ എന്നും വിരിയുന്നത്
രാത്രിതൻ യാമങ്ങളിൽ വിരിഞ്ഞ്  കൊഴിയാൻ
വിധിക്കപ്പെട്ടവൾ
എന്റെ സൗന്ദര്യത്തിൽ ഒന്ന് സന്തോഷിക്കാൻ
പോലും കഴിയാത്ത പെൺകൊടിയാണു ഞാൻ
ചന്ദ്രശോഭയിൽ തിളങ്ങി നിൽക്കുമീ എന്നെ
ഒരുനോക്കുകാണാൻ
ആയിരമായിരം മിഴികൾ പാർത്തിരിക്കും അന്നേക്കായി
ഞാൻ
കാത്തിരിക്കും
എന്നിലെ ഉണ്മയെൻ വെണ്മയാണ് പുലർക്കാല
സീമകളെ....
നിങ്ങൾ വെണ്മയുടെ ശാന്തിഗീതങ്ങൾ മുഴുകുവിൻ....
വിടരട്ടെ ഉലകമതിൽ ശാന്തിതൻ നവശ്രുതി സുന്ദര
ഗീതങ്ങൾ...
നിറയട്ടെ മനതാരതിൽ ശുഭ്ര നിലാവെണ്മ
മുഴങ്ങട്ടെ ഹൃദയതന്ത്രികളിൽ നവസുന്ദരലോകം
അഴിയട്ടെ പൊയ് മുഖങ്ങൾ
ശ്രുതിചേർന്നു പാടുവിൻ വിശുദ്ധിയുടെ നവശാന്തി
ഗീതങ്ങൾ ....
ശാന്തി ഗീതങ്ങൾ....

By : Akhila .P . J
8C





കൊട്ടാരക്കരയിൽ വച്ച നടന്ന ജില്ലാതല വാങ്മയം ഭാഷാപ്രതിഭാ പരീക്ഷയിൽ എച്ച്.എസ് വിഭാഗത്തിൽ രണ്ടാംസ്ഥാനം നേടിയ ഗായത്രിക്ക് അഭിനന്ദനങ്ങൾ...



## വിദ്യാരംഗം കലാസാഹിത്യവേദി

വായനയുടെ ചിറകിലേറി ആത്മവിശ്വാസത്തിന്റെ ആകാശങ്ങളിലേക്ക് ...


കൊല്ലം റവന്യൂ ജില്ല
സ്കൂൾ കരാട്ടെ
സീനിയർ ബോയ്സ്
40 KG മത്സരത്തിൽ
ഒന്നാം സ്ഥാനം
കരസ്ഥമാക്കി സംസ്ഥാന
സ്കൂൾ കരാട്ടെ
മത്സരത്തിലേക്ക് യോഗ്യത
നേടിയ
നവനീത് ബി
കൊല്ലം റവന്യൂ ജില്ല
കരാട്ടെ സ്കൂൾ
സീനിയർ ബോയ്സ്
45 KG മത്സരത്തിൽ
രണ്ടാം സ്ഥാനം
കരസ്ഥമാക്കിയ
കാർത്തിക് വി

# സംസ്ഥാന  സ്കൂൾ യുവജനോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കി സ്കൂളിന്റെ യശസ്സുയർത്തിയ അഭിമാനതാരങ്ങൾ ...





വെണ്മണി ഗ്രാമസേവാ സമിതി അംബികോദയം ഹയർസെക്കന്ററി സ്കൂൾ, നെടിയവിള
ശാസ്താംകോട്ട സബ്ജില്ല ഗണിതമേളയിൽ
ചരിത്ര വിജയം......
യു.പി ഓവറോൾ
ഒന്നാംസ്ഥാനം കരസ്ഥമാക്കിയ
അംബികോദയത്തിന്റെ
ഗണിത താരങ്ങൾക്ക്
ആശംസകളോടെ......
ഗണിതക്ലബ്ബ്


# Maths Club









ശാസ്താംകോട്ട സബ് ജില്ലാ യു പി വിഭാഗം
കിഡ്ഡീസ് അത് ലറ്റിക്സിൽ മികച്ച വിജയം
നേടിയ അംബികോദയത്തിന്റെ കരുന്നു
താരങ്ങൾ ...



# National Roller Hockey Champion

**DEVANANDA D**
**10 C**



🥋🥋🥋പത്തനംതിട്ട ജില്ല
സീനിയർ ബോയ്സ് കരാട്ടെ -70Kg
മത്സരത്തിൽ രണ്ടാം സ്ഥാനം🥈
കരസ്ഥമാക്കിയ Vishnu Raj (10 A)ന്
അഭിനന്ദനങ്ങൾ🌹🌹🌹🌹👏👏👏👏

Press Esc to exit full screen

# USS Winners 2023-24




# English Corner

# EDUCATION IN INDIA

Indian education is one of the largest and complex education system in the world . India is committed to providing basic education to its citizens , the framework of which is defined in the national policy of education elementary education is now compulsory in India . At time of independence , only 14% of India population was literate now after so many decades since independence , the number of literate people has increased by five bold . Indian education is a term used to refer to the education that is offered primarily to American Indian students Indian education system is quite different from that of the foreign countries

by; Adithya .Ashok
VIII . F

# NATURE'S TEAR



Nature is not limit to mere letters. We are destroying our nature without realizing its greatness. Human are doing everything they can to abuse the nature. Especially this generation. Human destroy the nature by cutting down trees, using plastics, polluting the air and dumping wastes on river banks. We are making the nature full of Green beauty into toxic.

Due to this, we can say that it becomes a big danger to human doubtlessly. Due to deforestation and air pollution, the amount of clean air is reduced and a situation of depending on toxic air has come to being. In this way, many disasters occurs due to nature destruction.


Destruction of nature may cause harm to future Generations. So, it is our responsibility to save our future earth. We can make nature beautiful by planting trees and taking care of them. Let's spread the motto of nature: "PLANT TREES, SAVE LIVES"

BY:
Akhila P.J
Class:VIII C

# Mother's love

*Mother a true goddess , who created life into this world. A mothers love is unmeasurable, it is more precious than gold. Mother has chained up her unflattering emotions deep down into her heart. We can always talk freely to our mother without any restriction . Mother,our guardian, protects us from every evil things of the world. A mothers love never dies.*

*Akhila .P.J*
*VIII- C*



# THROUGH THE FOLIAGE

A wide green view walked
into my eyes
As i walked into the
green foliage .
It made me as a butterfly
who finds joy on seeing nature's beautiful
art
Green,orange,brown and yellow
leaves fluttered on the wind.
They enjoyed summer,winter and spring but
it was autumn again .
They are not bright anymore.
They bid farewell among each
other.
It was the time to seek the mother earth

Suddenly a strong wind struck the leaves.
Fall down to the soil,who was ready to catch
the Foliage
and to it is death.
Through the weeping foliage.

by Dwani.p VIIIC

# New

Nothing is ever new,
Same old sky so blue


Memories of the past,
that may or may not last
But it's nice to hold on to,
while they do

Sound of your voice,
Like a soft embrace
Every word you said,
is a memory to trace

In the Quiet night,
under the starry hue
nothing is ever new

But , With you it feels true.

By :
Naveen Prathap
IX F



# SORROWFUL RAIN

Rain , the life giver,
but it mad,
it can erase with a snap of its fingers

Beloved by one
feared by the other

This is the truth of life.
Which is in front of over eyes

you can  ignore the truth
As much as you want .

But the light will shine
through the darkness , no matter what

As the dark clouds
surround the sky

The light is waiting for us
on the other side

BY;
NAVEEN  PRATHAP  9F



# ആശംസ



സംസ്ഥാനതല കായിക മേളയിൽ സബ് ജൂനിയർ 100 മീറ്റർ ഓട്ടത്തിൽ പങ്കെടുത്ത ജഗന്നാഥ് ഐ ജ്ജ് അഭിനന്ദനങ്ങൾ


# IT Fest

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ്റെ നേതൃത്വത്തിൽ 2023 ആഗസ്റ്റ് 12 മുതൽ 15 വരെ സ്ക്കൂളിൽ പ്രത്യേക പരിപാടികൾ നടത്തുകയുണ്ടായി. ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സരം നടത്തി.ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ്റെ പ്രത്യേക IT കോർണർ ഒരുക്കി ഓപ്പൺ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവ പരിചയപ്പെടുത്തി.ഐ ടി ക്വിസും, ഇൻസ്റ്റാൾ ഫെസ്റ്റും, ഐ ടി യുമായി ബന്ധപ്പെട്ട പുസ്തക പ്രദർശനവും നടത്തുകയുണ്ടായി.





Navaneeth A.S VII-B



Ashok kumar VIII A

# हिंदी विभाग

# अकेलापन

अकेलेपान ! किसने पसंद करता

किसीने पसंद करता कभी कभी

किसीने सोचा होगा..

कितना भयानक हालत हे अकेलापन



मेरी ज़िंदगी में

अकेलापन पसंद करती हें-

लेकिन मुझे..

अकेलेप बेठना नही हो सकती.

लगती हे मुझे

बचपन में ओर बुढापे में

किसीने इच्छा न करती अकोलोप

वह क्यों? समझ नही आती...

प्रिय हिंदी अध्यापिका

श्यामा

## धरती

खूब-खूब की सुन्दरताओ की
मंदिर हे धरती।
सूखी भी होथी तो,
उसको कुछ नहीं पडती।
रंग बिरंग से भरी धरती,
किसी भी चीज से हार न सकती।
धरा-धरा का पानी धरती का हे,
उसको हारने केलिए तेयारी मानव हे।
सुबह सूरज से ओर रात रजनीशा से,



धरती हल्की से होती हे।
जगूँन भी दुनिया को रोशनी देने से,
प्रकाश होती हे।
लेकिन,मानव धरती को नष्ट केलिए क्यों सोचता ?
उनकी स्वार्थी योजना केलिए हे ?
ओर उसका विचार में धरती बुरा हे ?
नहीं पता, नहीं मिला उसका जवाब।

Aaron Saji
IX F

## സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പഠന യാത്ര - GLOBAL SCIENCE FESTIVAL KERALA(GSFK)



SSLC 2023-2024 Study Tour
🎊🎉🎉🎊🎉🎊🎊🎊🎊🎊🎊








SSLC പരീക്ഷയെ ഭയപ്പെടാതെയും,
ആത്മവിശ്വാസത്തോടെയും നേരിടാനായി പത്താം
ക്ലാസിലെ കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്
നടത്തുകയുണ്ടായി

## LITTLE KITES



## JRC






# NCC

## FIRST BATCH 2023

SCOUTS





GUIDES








# Student Police Cadets

# അഭിനന്ദനങ്ങൾ



2023-24 അധ്യയനവർഷം തിരുവനന്തപുരത്ത് നടന്ന എസ്.പി.സി. സംസ്ഥാന തല ക്യാമ്പിൽ സ്കൂളിനെ പ്രതിനിധികരിച്ച് പങ്കെടുത്ത പ്രിയ വിദ്യാർത്ഥി കെവിൻ ആൽബിക്ക് ആശംസകൾ.

# MUSIC CLUB INAUGURATION






## പകർത്തിയെഴുതിയ 'സത്യം'

"എടാ, അപ്പൂ... ഇന്നലത്തെ ഹോംവർക്ക് നീ ചെയ്തോ..." ഹരിയാണ് ചോദിച്ചത്. "അല്ല, ഗണിതത്തിന് അല്ലേ ഹോംവർക്ക് ഉണ്ടായിരുന്നത് മലയാളത്തിനല്ലല്ലോ?" അപ്പു ഉടനടി മറുപടി നൽകി."അത്.... അതെ ശരിയാണല്ലോ..."ഹരി ജാള്യതയോടെ പറഞ്ഞു.
ഇപ്പോൾ മലയാളം പിരീഡ് ആണ്. ടീച്ചർ ഇതുവരെ വന്നില്ല. ടീച്ചർ വന്നാൽ കഥകളാണ് കൂടുതലും പഠിപ്പിക്കുക. അതുകൊണ്ടുതന്നെ മലയാളം ടീച്ചറെ കട്ടികൾക്കെല്ലാം വലിയ കാര്യമാണ്.
സമയം കടന്നു പോകുന്നു. ടീച്ചർ ഇതുവരെയും വന്നില്ല. പ്രധാന അധ്യാപകൻ ക്ലാസിനു മുന്നിലൂടെ നടന്നുപോയി.കട്ടികൾ ഉടനെ നിശബ്ദരായി. പ്രധാന അധ്യാപകനെ എല്ലാവർക്കും പേടിയാണ്; ഏറ്റവും വലിയ ചട്ടമ്പികൾക്ക് പോലും!
ക്ലാസ്സിൽ ടീച്ചർ ഇല്ലാത്തതിനാൽ ബഹളത്തിന് നേതൃത്വം കൊടുത്തവരുടെ പേരുകൾ ക്ലാസ് ലീഡർ ബുക്കിൽ കുത്തിക്കുറിച്ചു. തൊട്ടടുത്ത ക്ലാസിലെ അധ്യാപകൻ ക്ലാസിലേക്ക് കടന്നുവന്നു. ക്ലാസ് മുറി വീണ്ടും ശാന്തമായി."നിങ്ങളോട് എത്ര തവണ പറഞ്ഞിരിക്കുന്നു....." അധ്യാപകൻ പറഞ്ഞു തീരും മുമ്പ് മലയാളം ടീച്ചർ എത്തി. കട്ടികളെ അടക്കി ഇരുത്താൻ എത്തിയ അധ്യാപകൻ തിരികെ ക്ലാസിലേക്ക് പോയി."ഗുഡ് ആ..ഫ്റ്റർനൂ...ൺ ടീച്ചർ"വിരസമായ താളത്തിൽ കട്ടികൾ പറഞ്ഞു. ടീച്ചർ പുസ്തകം തുറന്നശേഷം പറഞ്ഞു:"ഇന്ന് പഠിക്കേണ്ടത് പാഠം 5 ആയിരുന്നു..." ടീച്ചർ തുടർന്നു."എന്നാൽ സമയക്കുറവ് കാരണം നമുക്ക് മറ്റൊരു പ്രവർത്തനം ചെയ്യാം"കഥ കേൾക്കാൻ തയ്യാറായിരുന്ന കട്ടികളുടെ മുഖത്തെ മ്ലാനത ടീച്ചറിന്റെ ശ്രദ്ധയിൽപ്പെട്ടു."വിഷമിക്കേണ്ട ഇന്ന് എല്ലാവരും ഒരു കഥ എഴുതാമോ...? എല്ലാദിവസവും കഥ കേൾക്കുന്നതല്ലേ."

"വിഷയം എന്താണ് ടീച്ചർ....?" ഗോപു ഉറക്കെ ചോദിച്ചു. ടീച്ചർ പറഞ്ഞ വിഷയം 'സത്യം' എന്നതായിരുന്നു. മുൻ ബെഞ്ചിൽ ഇരുന്ന ആൽബർട്ട് ഉടനെ ബുക്കെടുത്ത് എഴുതാൻ തുടങ്ങി. തൊട്ടടുത്തിരുന്ന അഭിജിത്തിൻറെ കണ്ണുകൾ ആൽബർട്ടിന്റെ ബുക്കിൽ ആയിരുന്നു. കഥാരചന മത്സരത്തിൽ പണ്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥിയാണ് ആൽബർട്ട്. അഭിജിത്ത് തന്റെ കണ്ടെഴുതുന്നത് ആൽബർട്ട് ശ്രദ്ധിച്ചിരുന്നെങ്കിലും പ്രതികരിച്ചില്ല. ആൽബർട്ട് രണ്ടുപേജ് നിറച്ച് എഴുതി. വലിയ കൈയ്യക്ഷരം ഉണ്ടായിരുന്ന അഭിജിത്ത് മൂന്നു പേജിലായാണ് പകർത്തി എഴുതി വച്ചത്. 20 മിനിറ്റ് കടന്നുപോയി."എല്ലാവരും എഴുതി കഴിഞ്ഞെന്നു തോന്നുന്നു. ഒരാൾ വന്നു വായിക്കൂ..." ടീച്ചർ പറഞ്ഞു. പറഞ്ഞുതീരും മുമ്പ് അഭിജിത്ത് ചാടി എണീറ്റു. "ടീച്ചർ.... ഞാൻ മൂന്നു പേജ് നിറച്ച് എഴുതി.... വായിക്കട്ടെ."ടീച്ചർ ഉൾപ്പെടെ എല്ലാവരും അഭിജിത്തിൻറെ പറച്ചിൽ കേട്ട് ഞെട്ടി. ക്ലാസ് ലീഡർ ബുക്കിന്റെ പുറകുവശത്ത് വീണ്ടും വീണ്ടും നോക്കി. ബഹളത്തിന് നേതൃത്വം കൊടുത്തവരുടെ പേരുകളിൽ ഏറ്റവും ആദ്യത്തെ പേര്... അഭിജിത്ത്! അഭിജിത്തിൻറെ കഥ കേട്ടതോടെ എല്ലാവരും കൈയ്യടിച്ച് അവനെ അഭിനന്ദിച്ചു. ഒരാൾ ഒഴികെ! ഒരു കള്ളച്ചിരിയോടെ ആൽബർട്ട് എല്ലാം വീക്ഷിച്ചു കൊണ്ടിരുന്നു. ടീച്ചർ അവനെ അഭിനന്ദിച്ചിട്ട് കയ്യിൽ ഉണ്ടായിരുന്ന രണ്ട് മിഠായികൾ കൊടുത്തു. ടീച്ചർ ക്ലാസിൽ നിന്ന് പോയ ശേഷവും ആൽബർട്ടിന്റെ പുഞ്ചിരി മങ്ങിയിരുന്നില്ല.

റൂബൻ ബി മാത്യൂ

# ആശംസ



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
നടത്തിയ തളിര് പരീക്ഷയിൽ സ്കോളർഷിപ്പ് നേടിയ
അഖില പി.ജെ(8C)

# THE PARTS OF SPEECH POEM

Every name is called a noun,
As field and fountain, street and town.
In place of noun the pronoun stands,
As he and she can clap their hands.
The adjective describes a thing,
As magic wand or bridal ring.
The verb means action,
something done,
As read and write and jump and run.
How things are done the adverbs tell,
As quickly, slowly, badly, well.
The preposition shows relation,
As in the street or at the station.
Conjunctions join, in many ways,
Sentences, words, or phrase and phrase.
The interjection cries out,
"Hark! I need an exclamation mark!"

# EDITORIAL BOARD



Aaron



Aasrith



Amalesh



Anamika



Gokul



Jeevan



Keerthana



Naveen

Thank You